ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 30.07.2024

പ്രധാന വാർത്തകൾ

TIME : 07.25 AM

1. 2024-25 കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ചകൾ പാർലമെന്റിന്റെ ഇരുസഭകളിലും ഇന്നും തുടരും.

   **Discussions on 2024-25 Union Budget will continue in both houses of Parliament today.**

2. ഭീകരവാദത്തിനെതിരെ ആഗോള തലത്തിൽ ശക്തമായ നടപടി ആവശ്യമാണെന്ന് ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗം.

   **QUAD Foreign Ministers have demanded international action against terrorism.**

3. ഡൽഹിയിൽ സിവിൽ സർവ്വീസ് പരിശീലന കേന്ദ്രത്തിൽ ഉണ്ടായ അപകടം അന്വേഷിക്കാൻ കമ്മിറ്റിയെ രൂപീകരിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം.

   **Union Home Ministry constituted committee to enquire UPSC aspirants' death case in Delhi.**

4. കേരളത്തിൽ വടക്കൻ ജില്ലകളിൽ അതിശക്തമായ മഴ ; വയനാട്, ഇടുക്കി, മലപ്പുറം, പാലക്കാട് ജില്ലകളിൽ കനത്ത നാശനഷ്ടം ; വയനാട്ടിൽ ഉരുൾപൊട്ടലിൽ മൂന്ന് മരണം ; അഞ്ച് ജില്ലകളിൽ ചുവപ്പ് ജാഗ്രത.

   **Heavy rains continue in Northern Districts of Kerala. Rain havoc including landslides reported from Wayanad, Idukki, Malappuram and Palakkad districts. As per report three persons lost their lives in Wayanad. Red alert in five districts.**

5. **പാരീസ് ഒളിമ്പിക്സിൽ വിവിധ ഇനങ്ങളിൽ മെഡൽ പ്രതീക്ഷയുമായി ഇന്ത്യൻ താരങ്ങൾ ഇന്ന് കളത്തിലിറങ്ങും.**

**In Paris Olympics, Indian team will compete for various events today.**

*******************************

## PM BUDGET -CONFERENCE

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി - CII യുടെ ബജറ്റാനന്തര സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അഭിസംബോധന ചെയ്യും. ന്യൂഡൽഹിയിലെ വിഗ്യാൻ ഭവനിലാണ്, 'വികസിത ഭാരതത്തിലേക്കുള്ള യാത്ര' എന്ന സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്. രാജ്യത്തിന്റെ വളർച്ചയിൽ വ്യവസായ മേഖലയുടെ പങ്കിനെക്കുറിച്ചുള്ള സർക്കാറിന്റെ കാഴ്ചപ്പാട് സമ്മേളനത്തിൽ അവതരിപ്പിക്കും. വിവിധ മേഖലകളിൽ നിന്നുള്ള ആയിരത്തിലധികം പ്രതിനിധികൾ പങ്കെടുക്കും.

*******************************

## BUDGET DISCUSSION.. INTRO

2024-25 കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ചകൾ പാർലമെന്റിന്റെ ഇരുസഭകളിലും ഇന്നും തുടരും. ഇന്നലെ നടന്ന ചർച്ചയിൽ, പൊതുമേഖലാ സ്ഥാപനങ്ങളിലേതുൾപ്പെടെ ഓഹരികൾ വിറ്റഴിക്കുന്നതിനു പകരം, പുന:നിക്ഷേപം നടത്തേണ്ട സമയമാണിതെന്ന് രാജ്യസഭയിൽ ചർച്ചയിൽ പങ്കെടുത്ത മുൻ പ്രധാനമന്ത്രിയും, ജെഡിഎസ് എംപിയുമായ എച്ച്.ഡി ദേവഗൗഡ പറഞ്ഞു. **വിശദാംശങ്ങളിലേയ്ക്ക് ..........**

(വോയ്സ്)

രാജ്യത്ത് 2021 ൽ നടക്കേണ്ടിയിരുന്ന ജനസംഖ്യാ കണക്കെടുപ്പ് ഇതുവരെ നടപ്പാക്കാത്തതിൽ കേന്ദ്രസർക്കാരിനെതിരെ തൃണമൂൽ എംപി സാകേത് ഗോഖലെ വിമർശനമുന്നയിച്ചു.

രാജ്യത്ത് ജാതി സെൻസസ് നടപ്പാക്കണമെന്നും, കർഷികോത്പന്നങ്ങളുടെ താങ്ങുവിലയിൽ കർഷകർക്ക് നിയമപരമായ ഉറപ്പ് നൽകണമെന്നും പ്രതിപക്ഷനേതാവ് രാഹുൽഗാന്ധി ലോക്സഭയിൽ പറഞ്ഞു. അഗ്നീവീർ പദ്ധതിയ്ക്കെതിരെയും അദ്ദേഹം വിമർശനങ്ങൾ ഉന്നയിച്ചു. അഗ്നീവീർ പദ്ധതിക്കെതിരായ അദ്ദേഹത്തിന്റെ വിമർശനങ്ങൾ തെറ്റിദ്ധാരണ പരത്തുന്നതായും വിഷയത്തിൽ ചർച്ചയ്ക്ക് തയ്യാറാണെന്നും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ് സഭയിൽ വ്യക്തമാക്കി. വിദ്യാഭ്യാസത്തിനുള്ള ബജറ്റ് വിഹിതം തുടർച്ചയായി കുറഞ്ഞുവരുന്നതായി സമാജ് വാദി പാർട്ടി എംപി ഡിംപിൾ യാദവ് ചർച്ചയിൽ ഉന്നയിച്ചു. ബജറ്റ് രാജ്യത്തിന് പുതിയ ദിശാബോധം നൽകുന്നതായി ബിജെപി എംപി സുരേഷ് കുമാർ കശ്യപ് പറഞ്ഞു. **ന്യൂസ് ഡസ്ക്, ആകാശവാണി..**

******************************

**QUAD TERRORISM**

ഭീകരവാദത്തിനെതിരെ ആഗോള തലത്തിൽ ശക്തമായ നടപടി ആവശ്യമാണെന്ന് ക്വാഡ് വിദേശകാര്യമന്ത്രിമാരുടെ യോഗം. ടോക്കിയോയിൽ നടന്ന യോഗത്തിലാണ് ഇതുസംബന്ധിച്ച സംയുക്ത പ്രസ്താവന ഇറക്കിയത്. ഭീകരവാദത്തിന് ആധുനിക സാങ്കേതിക വിദ്യയുടെ സഹായം ഉപയോഗപ്പെടുത്തുന്ന ലഷ്കർ-ഇ-തയ്ബ, ജയ്ഷെ മൊഹമ്മദ്, അൽഖ്വയ്ദ, ഇസ്ലാമിക് സ്റ്റേറ്റ് പോലെയുള്ള ഭീകര സംഘടനകൾക്കെതിരെ നടപടി ആവശ്യമാണെന്നും യോഗം വിലയിരുത്തി. വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ, യു എസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൺ, ഓസ്ട്രേലിയ , ജപ്പാൻ എന്നീ രാജ്യങ്ങളിലെ വിദേശകാര്യമന്ത്രിമാരും ഇതേ ആവശ്യം ഉന്നയിച്ചു. വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കറിന്റെ ടോക്കിയോ സന്ദർശനം ഇന്ന് പൂർത്തിയാവും.

******************************

**MHA – COMMITTEE - COACHING**

ഡൽഹിയിൽ സിവിൽ സർവ്വീസ് കേന്ദ്രത്തിൽ വെള്ളക്കെട്ടിൽ വീണ് ഉദ്യോഗാർത്ഥികൾ മരിച്ച സംഭവം അന്വേഷിക്കാൻ കമ്മിറ്റിയെ രൂപീകരിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം. അപകട കാരണം, ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ തുടങ്ങിയവ സമിതി പരിശോധിക്കും. സമൂഹ മാധ്യമത്തിലാണ് അന്വേഷണ കമ്മിറ്റിയെ രൂപീകരിച്ചതായി മന്ത്രാലയം അറിയിച്ചത്. 30 ദിവസത്തിനകം അന്വേഷണം പൂർത്തിയാക്കി സമിതി റിപ്പോർട്ട് സമർപ്പിക്കും.

******************************

**COACHING – BJP – AAP-CONG.**

സിവിൽ സർവ്വീസ് കോച്ചിംഗ് കേന്ദ്രത്തിലെ ദുരന്തത്തിൽ ബി ജെ പി ഡൽഹി ഘടകം ഇന്നലെ പ്രതിഷേധം സംഘടിപ്പിച്ചു. ഡൽഹി മുൻസിപ്പൽ കോർപ്പറേഷൻ , ആം ആദ്മി പാർട്ടി ആസ്ഥാനം എന്നിവിടങ്ങളിലാണ് പ്രതിഷേധം നടന്നത്. ദുരന്തത്തിന് ഉത്തരവാദി ഡൽഹി സർക്കാരാണ് ബി ജെ പി ആരോപിച്ചു.

******************************

**DELHI – LG-ASSISTANCE**

ഡൽഹി സിവിൽ സർവ്വീസ് കോച്ചിംഗ് കേന്ദ്രത്തിലെ ദുരന്തത്തിൽ മരിച്ച ഉദ്യോഗാർത്ഥികളുടെ കുടുംബങ്ങൾക്ക് പത്ത് ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. ഡൽഹി ലഫ്റ്റന്റ് ഗവർണർ വിനയ് കുമാർ സക്സേനയാണ് ധനസഹായം പ്രഖ്യാപിച്ചത്. ദുരന്തത്തിൽ മൂന്ന് പേരാണ് മരിച്ചത്. എറണാകുളം സ്വദേശി നവീൻ ഡാൽവിന്റെ മൃതദേഹം ഇന്നലെ തിരുവനന്തപുരം വിമാനത്താവളത്തിലെത്തിച്ചു. സംസ്ഥാന സർക്കാറിനുവേണ്ടി മന്ത്രി വി.ശിവൻകുട്ടിയും , ഐ ബി സതീഷ് എം എൽ എ യും അന്തിമോപചാരം അർപ്പിച്ചു. തുടർന്ന് ഭൗതിക ശരീരം മങ്കാട്ടുകടവിലുള്ള സ്വവസതിയിലേക്ക് കൊണ്ടുപോകും.

*****************************

**INDIA HAITI**

ഹെയ്തിയ്ക്ക് ഇന്ത്യയുടെ സഹായ ഹസ്തം. ഒമ്പത് ടൺ മെഡിക്കൽ ഉപകരണങ്ങൾ ഇന്ത്യ ഹെയ്തിയ്ക്ക് കൈമാറി. ഇന്നലെ ന്യൂഡൽഹിയിൽ നിന്ന് പുറപ്പെട്ട മെഡിക്കൽ ഉപകരണങ്ങളുടെ കൺസൈൻമെന്റ് Port-au-Prince-ൽ എത്തിച്ചേരും. രക്തദാനത്തിനുള്ള ഉപകരണങ്ങളും , പരിശോധനാ കിറ്റുകളുമാണ് ഇതിലുള്ളത്.

*****************************

**COACHING – BJP – AAP-CONG.**

സിവിൽ സർവ്വീസ് കോച്ചിംഗ് കേന്ദ്രത്തിലെ ദുരന്തത്തിൽ ബി ജെ പി ഡൽഹി ഘടകം ഇന്നലെ പ്രതിഷേധം സംഘടിപ്പിച്ചു. ഡൽഹി മുൻസിപ്പൽ കോർപ്പറേഷൻ , ആം ആദ്മി പാർട്ടി ആസ്ഥാനം എന്നിവിടങ്ങളിലാണ് പ്രതിഷേധം നടന്നത്.

*****************************

**INDIA HAITI**

ഹെയ്തിയ്ക്ക് ഇന്ത്യയുടെ സഹായ ഹസ്തം. ഒമ്പത് ടൺ മെഡിക്കൽ ഉപകരണങ്ങൾ ഇന്ത്യ ഹെയ്തിയ്ക്ക് കൈമാറി. ഇന്നലെ ന്യൂഡൽഹിയിൽ നിന്ന് പുറപ്പെട്ട മെഡിക്കൽ ഉപകരണങ്ങളുടെ കൺസൈൻമെന്റ് Port-au-Prince-ൽ എത്തിച്ചേരും. രക്തദാനത്തിനുള്ള ഉപകരണങ്ങളും , പരിശോധനാ കിറ്റുകളുമാണ് ഇതിലുള്ളത്.

*****************************

**GAJENDRA SINGH SHEKHAWAT**

യുനെസ്കോ ലോക പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ച ന്യൂഡൽഹിയിലെ ഹുമയൂൺ സ്മാരകത്തിലെ ഒരു ലക്ഷം ചതുരശ്ര അടിൽ സജ്ജീകരിച്ച സ്മാരകത്തിന്റെ മാതൃക കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത് ഉദ്ഘാടനം ചെയ്തു. മ്യൂസിയം സമുച്ചയത്തിലുള്ള

സ്മാരകങ്ങളുടെ ദൃശ്യ സമ്പൂർണ്ണത നഷ്ടമാക്കാത്ത വിധമാണ് ഈ ഭൂഗർഭ മ്യൂസിയം രൂപകൽപന ചെയ്തിരിക്കുന്നത്. ആർക്കിയോളോജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ആണ് സ്മാരകം രൂപകൽപന ചെയ്തത്.

******************************

## BHUPENDRA-IDEAS4LIFE

പരിസ്ഥിതി സൗഹൃദ ജീവിതശൈലിയുമായി ബന്ധപ്പെട്ട ആശയങ്ങൾ ഓൺലൈനായി പങ്കുവെയ്ക്കുന്നതിനുള്ള Ideas4LiFE പരിപാടിക്ക് കേന്ദ്ര മന്ത്രി ഭൂപേന്ദ്ര യാദവ് ന്യൂഡൽഹി IIT യിൽ തുടക്കം കുറിച്ചു. പ്രകൃതി വിഭവങ്ങൾ ശ്രദ്ധയോടെ വിനിയോഗിക്കുന്നതിന് നൂതന ആശയങ്ങൾ പങ്കുവെക്കാൻ അദ്ദേഹം വിദ്യാർത്ഥികളോടും ഗവേഷകരോടും ആഹ്വാനം ചെയ്തു.

******************************

## RAIN - KERALA

കേരളത്തിൽ ശക്തമായ മഴ തുടരുന്നു. വയനാട്, ഇടുക്കി, മലപ്പുറം തുടങ്ങിയ ജില്ലകളിൽ കനത്ത നാശനഷ്ടമാണ് ഉണ്ടായത്. പലയിടത്തും വെള്ളംകയറുകയും മരം വീണ് ഗതാഗത തടസ്സം ഉണ്ടാവുകയും ചെയ്തു. പെരിയാറിലെ ജലനിരപ്പ് ഉയരാൻ സാധ്യതയുള്ളതിനാൽ ഭൂതത്താൻകെട്ട് ഡാമിന്റെ ഷട്ടറുകൾ കൂടുതൽ ഉയർത്താൻ സാധ്യതയുണ്ട്. പാലക്കാട് ആളിയാർ ഡാമിന്റെ 11 സ്പിൽവെ ഷട്ടറുകൾ ഉയർത്തിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം , തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് , കണ്ണൂർ ജില്ലകളിലും ഇന്നലെ രാത്രി മുതൽ ശക്തമായ മഴ തുടരുകയാണ്. വയനാട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി, മലപ്പുറം, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്ന് അവധി പ്രഖ്യാപിച്ചു. അഞ്ച് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. നാല് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. ബാക്കിയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. കേരള – കർണാടക

– ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*****************************

**WAYANAD – LANSLIDE….. INTRO**

ശക്തമായ മഴ തുടരുന്ന വയനാട്ടിൽ ഉരുൾപ്പൊട്ടൽ. മുണ്ടക്കൈ ചൂരൽമലയിലാണ് ഇന്ന് പുലർച്ചെ ഉരുൾപ്പൊട്ടലുണ്ടായത്. നിരവധി പേർ മേഖലയിൽ കുടുങ്ങി കിടക്കുന്നതായിയാണ് സൂചന. മൂന്ന് മൃതദേഹങ്ങൾ കണ്ടെടുത്തു. 21 പേരെ മേപ്പാടിയിലെ സ്വകാര്യ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ല പ്രതിനിധി അരുൺ വിൻസന്റ്.**

(വോയ്സ്)

ഉരുൾപൊട്ടൽ ബാധിത പ്രദേശത്ത് സാധ്യമായ എല്ലാ രക്ഷാപ്രവർത്തനങ്ങളും മന്ത്രിമാരുടെ നേതൃത്വത്തിൽ ഏകോപിപ്പിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. അതേസമയം, വയനാട്ടിൽ ആരോഗ്യവകുപ്പ് കൺട്രോൾ റൂം തുറന്നു. അടിയന്തിര സാഹചര്യങ്ങളിൽ 96 56 93 86 89, 80 86 01 08 33 എന്ന നമ്പറുകൾ ബന്ധപ്പെടാം. നമ്പർ ഒരിക്കർ കൂടി 96 56 93 86 89, 80 86 01 08 33

*****************************

**PARIS OLYMPICS (INTRO)**

പാരിസ് ഒളിമ്പിക്സിന്റെ നാലാം ദിനം മെഡൽപ്രതീക്ഷയുമായി ഇന്ത്യൻ താരങ്ങൾ വിവിധ മത്സരങ്ങളിൽ ഇന്ന് കളത്തിലിറങ്ങും. ഷൂട്ടിംഗ്, തുഴച്ചിൽ, ഹോക്കി, അമ്പെയ്ത്ത്, ബാഡ്മിന്റൺ, ഗുസ്തി, തുടങ്ങിയ ഇനങ്ങളിലാണ് ഇന്ത്യൻ താരങ്ങൾ ഇന്നിറങ്ങുന്നത്. ഇന്നലെ നടന്ന മത്സരത്തിൽ മനുഭാക്കർ -സരബ് ജോത് സഖ്യം 10

മീറ്റർ എയർ റൈഫിൾസ് വിഭാഗത്തിൽ വെങ്കലമെഡലിനായുള്ള മത്സരത്തിലേക്ക് യോഗ്യത നേടി.

**വിശദാംശങ്ങളുമായി പാരീസിൽ നിന്ന് ആകാശവാണിയ്ക്ക് വേണ്ടി വി.ശിവകുമാർ തയ്യാറാക്കിയ റിപ്പോർട്ട്......**

(വോയ്സ്)

*******************************************

## PARA SWIMMER JIYA

ഇംഗ്ലീഷ് ചാനൽ ഒറ്റയ്ക്ക് നീന്തിക്കടന്ന ലോകത്തെ ഏറ്റവും പ്രായം കുറഞ്ഞ വേഗമേറിയ വനിതാ പാരാ സ്വിമ്മർ എന്ന റെക്കോർഡ് സ്വന്തമാക്കി ഇന്ത്യയുടെ ജിയാ റായ്. 17 മണിക്കൂറും 25 മിനിറ്റുമാണ് ഇംഗ്ലീഷ് ചാനൽ നീന്തിക്കയറാൻ ജിയ എടുത്ത സമയം.

**********************************************************************************************************************

******